പാഠം : 8. മനസ്സിലെ കിളി.

പഠനലക്ഷ്യം:

* പ്രകൃതി സൗന്ദര്യവുമായി ബന്ധപ്പെട്ട ആസ്വാദനം. ശങ്കൾ ഉൾപ്പെടുത്തി വിവിധ രചനകൾ വായിച്ച് ആസ്വദിക്കുകയും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

സാഹിത്യരൂപം

* കഥ

വിലയിരുത്തൽ രീതി

* പിക്കു കഥാപാത്ര നിരൂപണം.
* ഉപന്യാസം → സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം.

പഠനോപകരണം.

*. ടെക്സ്റ്റ് ബുക്ക്.
*. ചാർട്ട് - പ്രവേശകം
* കഥാപാത്ര നിരൂപണം (ടിച്ചർ വേർഷൻ)

പഠനപ്രവർത്തനങ്ങൾ:

ആവേശകരമായ അവതരണം.

ചാർട്ട് പ്രദർശനം:

"അമ്മ വിശപ്പില്ലേ കാച്ചിയപാലിതാ
പൂവള്ളിക്കിണ്ണത്തിൽ തേൻകുഴമ്പും
നല്ല പഴങ്ങളുമാവോളം ഭക്ഷിച്ചാ
വല്ലതും മുൻമട്ടിൽ സംസാരിച്ചിൻ"
പ്രീതിയാപ്പിവക സ്വാഗതം കൊണ്ടുലോ.
താനിഷ്ടം പൊൻകിടാവാരംഭിക്കെ
വീതിയുള്ളാകാശം ചുറ്റുമഞ്ജീവികൾ
ഭീതി പൂണ്ടാന്യോന്യം നോക്കി വീണ്ടും
ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

(വള്ളത്തോൾ)

? കിളികളോട് കൂട്ടി കണ്ടാണ് പാടുന്നത്?

? എല്ലാ സന്തോഷങ്ങളോടും കൂടി കൂട്ടിൽ താമസിക്കാൻ പക്ഷി ഇഷ്ടപ്പെടുന്നുണ്ടോ?

? വിശാലമായ ആകാശമാണോ കാഞ്ചനത്തിന്റെ കൂടാണോ കിളിക്ക് കൂടുൽ നല്ലത്? എന്തുകൊണ്ട്? വ്യക്തിഗത പ്രതികരണം.

പാഠഭാഗത്തേക്ക് :

കിളിയെ കൂട്ടിലടയ്ക്കാൻ ഇഷ്ടമല്ലാത്ത ഒരു കുട്ടിയുടെ കഥയാണ് 'മനസ്സിലെ കിളി'. വ്യക്തിഗത വായനയ്ക്ക് അവസരം. വായിക്കാൻ ബുദ്ധിമുട്ടുള്ള വാക്കുകൾ അടയാളപ്പെടുത്തുന്നു.

പുതിയ പദങ്ങൾ

പരിചിതമല്ലാത്ത പദങ്ങൾ കണ്ടെത്തുന്നു. ഊഹിച്ച് അർത്ഥം പറയാൻ അവസരം നൽകുന്നു. നിഘണ്ടു നോക്കി പാഠസന്ദർഭത്തിനിണങ്ങുന്ന അർത്ഥം കണ്ടെത്തി രേഖപ്പെടുത്തുന്നു.

വായിക്കാം പറയാം.

പാഠഭാഗത്തിന്റെ ആദ്യ വായനയ്ക്ക് ശേഷം അധ്യാപിക ശബ്ദമുദ്രീകരണത്തോടെ പാഠഭാഗം അവതരിപ്പിക്കുന്നു. ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി അവതരിപ്പിക്കുന്നു. ഗ്രൂപ്പായി ഓരോ ഗ്രൂപ്പിന് നൽകി അധിക

ചോദ്യങ്ങൾ കണ്ടെത്തി ഉത്തരം അവതരിപ്പിക്കാനും അവസരം നൽകി. പാഠപുസ്തകവും അവതരണ രീതിയും അധ്യാപിക വിലയിരുത്തുന്നു.

കണ്ടെത്തി എഴുതുക.

? പിക്കുവിന്റെ മനസ്സിലെ കിളി അശാന്തനായിരുന്നു എന്ന് പറയാനുള്ള കാരണം എന്തായിരിക്കാം?

? പിക്കുവിന്റെ ചേട്ടൻ മൈനയെ പിടിച്ച് കൂട്ടിലാക്കി. പിക്കു ചേട്ടനോടു ചോദിക്കുക പോലും ചെയ്യാതെ അതിന്റെ കെട്ടഴിച്ചു പറന്നു വിട്ടു. അവൻ അങ്ങനെ ചെയ്തത് എന്തുകൊണ്ടായിരിക്കാം?

ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ വ്യക്തിഗതമായി അവതരിപ്പിക്കാൻ അവസരം നൽകുന്നു. ഗ്രൂപ്പിൽ ടീച്ച ചെയ്ത് തെരഞ്ഞെടുത്തുന്നു. അവതരണം. ടീച്ചർ വേർഷൻ അവതരണം:

"കിളികളുടെ ലോകമാണ് പിക്കുവിന്റേത്. എന്നും അവയുടെ ശബ്ദം കേട്ടുകൊണ്ടാണ് അവൻ ഉണരുന്നത്. അന്ന് രാവിലെ പൂന്തോട്ടത്തിൽ എത്തിയപ്പോൾ ആദ്യം കിളികളെയൊന്നും കണ്ടില്ല. പിന്നീട്

അവരെല്ലാമെന്നി അവനെ സന്തോഷിപ്പിച്ചു. അതാണ് അവനെ അശാന്തനാക്കിയത്.

കിളികൾ മാനത്തു പറന്ന് നടക്കേണ്ടവയാണ് എന്ന് ബോധ്യമുള്ള കുട്ടിയാണ് പിക്കു. കൂട്ടിലിട്ട് വളർത്തുന്നതിനോട് അവന് യോജിപ്പില്ല.

പേരിനു പകരം പദമെഴുത്താം.

പാഠഭാഗം വായിക്കുന്നു. പിക്കുവിന് പകരം 'അവൻ' എന്ന മാതൃകയിൽ വരികൾ പൂർത്തീകരിക്കാൻ അവസരം നൽകുന്നു.

? ഇങ്ങനെ മാറ്റിയെഴുതിയതുകൊണ്ടുണ്ടായ സവിശേഷതകൾ എന്തൊക്കെയാണ് ? ചർച്ച

അവർത്തനം ഒഴിവായി വാക്യത്തിന് ഭംഗി കൂടി.

പേരിനു പകരം ഉപയോഗിക്കുന്ന അവൻ, അവൾ, അവർ, അത്, അവ പോലുള്ള പദങ്ങൾ ചേർന്നു വരുന്ന കൂടുതൽ വാക്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

വ്യത്യാസം തിരിച്ചറിയാം.

പിങ്കു ദു:ഖിതനായിരുന്നു.
അമ്മ ദു:ഖിതയായിരുന്നു.
അവൻ ദു:ഖിതരായിരുന്നു.

? ദു:ഖിതൻ, ദു:ഖിത, ദു:ഖിതർ എന്നീ പദങ്ങളിൽ മാറ്റം വരുന്നതെന്തുകൊണ്ട്? ചർച്ച. സ്വതന്ത്ര നിരീക്ഷണം.

ദു:ഖിതനായിരുന്നു → പുരുഷനെ സൂചിപ്പിക്കുന്നു.
ദു:ഖിതയായിരുന്നു → സ്ത്രീയെ സൂചിപ്പിക്കുന്നു.
ദു:ഖിതരായിരുന്നു → പുരുഷന്മാരെയും സ്ത്രീകളെയും ബഹുവചനത്തെ സൂചിപ്പിക്കുന്നു.

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

ഉപന്യാസം തയ്യാറാക്കാം.

രണ്ടു കവിതകളിലെയും ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. കിളികളുടെ സ്വാതന്ത്ര്യമാണ് ആദ്യ കവിതയിലെ ആശയം. മനുഷ്യ സ്വാതന്ത്ര്യ മഹത്വമാണ് ആശാന്റെ വരികളിൽ. നന്ദൻ

സ്വാതന്ത്ര്യ സമര പശ്ചാത്തലത്തിലുള്ളതാണ് ഈ രണ്ടും കവിതകളും. സ്വാതന്ത്ര്യം പക്ഷികൾക്കെന്ന പോലെ മനുഷ്യൻ കും പ്രധാനപ്പെട്ടതാണ്.

സൂചനകൾ

⇒ കവിതകളിലെ സ്വാതന്ത്ര്യം

⇒ മനസ്സിലെ കിളി എന്ന കഥയിലെ സ്വാതന്ത്ര്യബോധം

⇒ പുതിയ കാലത്ത് സ്വാതന്ത്ര്യത്തിനുണ്ടാകുന്ന വെല്ലുവിളി

⇒ സ്വാതന്ത്ര്യത്തിന്റെ അവശ്യകത

ഓരോ സൂചനയും ഖണ്ഡിക തിരിച്ച് വിശദീകരിച്ച് സ്വന്തം അഭിപ്രായം കൂടി ചേർത്ത് ഉപന്യാസം തയ്യാറാക്കുന്നു. വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

* ഉൾപ്പെടുത്തിയ ആശയങ്ങളുടെയും നിരീക്ഷണങ്ങളുടെയും നിലപാടുകളുടെയും യുക്തിയും പ്രസക്തിയും

* ഉപന്യാസത്തിന്റെ വലുതു [മുഖവുര, ഖണ്ഡീകരണം, പ്രധാന ആശയങ്ങൾ, വിശദീകരണം, ഉപസംഹാരം]

* ഉപയോഗിച്ച ഭാഷയുടെ സവിശേഷത [പ്രയോഗം, ശൈലി]

കഥാപാത്രനിരൂപണം

പിക്കുവിന്റെ സ്വഭാവ സവിശേഷതകൾ കുട്ടികൾ വ്യക്തിഗതമായി പറയുന്നു.

⇒ പ്രകൃതി സ്നേഹം

⇒ കിളികളോടുള്ള അടുപ്പം

⇒ രൂപം, പ്രായം, വേഷം

⇒ പക്ഷികളെ കൂട്ടിലടയ്ക്കുന്നതിനോടുള്ള എതിർപ്പ്

⇒ അമ്മുക്കുട്ടനെപോലെ മറ്റു ജീവികളെയും കരുതുന്നു.

ഗ്രൂപ്പിൽ മീറ്റിങ് നടത്തി, കണ്ടെത്തിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

* പിക്കുവിന്റെ സവിശേഷതകൾ വിശദമാക്കിയിട്ടുണ്ട്.
* കഥയിലെ സ്ഥാനം വ്യക്തമാക്കിയിട്ടുണ്ട്.
* സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
* മികച്ച ഭാഷാശൈലി സ്വീകരിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കിയിട്ടുണ്ട്

സംഭാഷണം തയ്യാറാക്കി അഭിനയിക്കാം:

ചെറു സംഘങ്ങളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും പാഠഭാഗത്തിലെ ചെറിയ ഭാഗങ്ങൾ നൽകുന്നു. സംഭാഷണവും മറ്റും തയ്യാറാക്കി നാടകരൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

ഗ്രൂപ്പ് 1 : രാവിലെ എഴുന്നേറ്റ് കിളികളോട് പാടുന്നത്.

ഗ്രൂപ്പ് 2 : മൈനയുടെ കരച്ചിൽ കേട്ട് വരവ് - അമ്മയോട് അന്വേഷണം:

ഗ്രൂപ്പ് 3 : ചേട്ടനുമായി തർക്കിക്കൽ

ഗ്രൂപ്പ് 4 : പിറ്റേ ദിവസം കിളികൾ കാണാൻ വന്നപ്പോൾ.

ഓരോ ഗ്രൂപ്പും അവതരണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

തുടർവായനാനം: കാഴ്ചാനുഭവം എഴുതാം.

എം.ടി വാസുദേവൻ നായരുടെ മഞ്ഞ് ഭാഗം വായിക്കുന്നു. ഒരു കാഴ്ചയെ ആകർഷകമാകുന്ന രീതിയിൽ നിങ്ങളുടെ ഇഷ്ടപ്പെട്ട വയൽക്കാഴ്ചകൾ, പുഴയോരക്കാഴ്ചകൾ, ആകാശക്കാഴ്ചകൾ എന്നിവയിൽ ഏതെങ്കിലും ഒന്നിനെ കുറിച്ച് വർണന തയ്യാറാക്കുക.